## കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഹെഡ് അക്കൗണ്ടന്റുമാരെ സ്ഥലം മാറ്റിയും, ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നം. സി2/7149/2016/കോ.വി.വ. തീയതി : 01.12.2016.

---

പരാമർശം: 1.12.2016 തീയതിയിലെ സി2/17124/2016/കോ.വി.വ. നമ്പർ ഉത്തരവ്.

**ഉത്തരവ്**

തിരുവനന്തപുരം ഗവൺമെന്റ് സംസ്കൃത കോളേജിൽ ഹെഡ് അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി എം. സുജയ്ക്ക് പരാമർശത്തിലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി. ഇപ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ 1 ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹെഡ് അക്കൗണ്ടന്റുമാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് താഴെ പറയുംപ്രകാരം ഹെഡ് അക്കൗണ്ടന്റുമാരെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീമതി ശ്രീജ എ.എസ്.<br>യൂണിവേഴ്സിറ്റി കോളേജ്,<br>തിരുവനന്തപുരം | ഗവൺമെന്റ് സംസ്കൃത കോളേജ്,<br>തിരുവനന്തപുരം |
| 2 | ശ്രീ. എ. മുഹമ്മദ് ഫാസിൽ<br>ഗവൺമെന്റ് കോളേജ്, ബാലുശ്ശേരി | യൂണിവേഴ്സിറ്റി കോളേജ്<br>തിരുവനന്തപുരം |
| 3 | ശ്രീമതി ഷില്ലി ജോൺ<br>ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കൊഴിഞ്ഞാമ്പാറ | ഗവൺമെന്റ് കോളേജ്, ബാലുശ്ശേരി |

മേൽ സൂചിപ്പിച്ച പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിലവിൽ വന്ന ഒഴിവിൽ സീനിയർ ക്ലാർക്കുമാരുടെ മുൻഗണനാപട്ടിക അനുസരിച്ച് ചവറ, ബി.ജെ.എം. ഗവൺമെന്റ് കോളേജിലെ സീനിയർ ക്ലാർക്ക് ശ്രീമതി സി. പ്രിയയെ 27800-59400 രൂപ ശമ്പളസ്കെയിലിൽ ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നൽകി കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ നിയമിച്ച് ഉത്തരവാകുന്നു.

സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ വാങ്ങി നിയമനം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും സ്ഥാപനമേധാവികൾ വിവരം യഥാസമയം കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.collegiateedu.kerala.gov.in ൽ ലഭ്യമാണ്.

ഒപ്പ്/-
ടി.വി. കൃഷ്ണകുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:
1) ബന്ധപ്പെട്ട ജീവനക്കാർക്ക്
2) ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്
3) കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ,//

സൂപ്രണ്ട്.

ടിപ 1.12.2016.